# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## റിസോഴ്സ് അദ്ധ്യാപകരുടെ സ്ഥിരനിയമനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :813** **29.09.2016 ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.എം.മുകേഷ് | | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി എസ്.എസ്.എ , ആർ.എം.എസ്.എ പദ്ധതിയിൻ കീഴിൽ കരാറടി സ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരിൽ പത്തു വർഷത്തിലധികം സർവ്വീസുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനായി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകി കൊണ്ടുള്ള കോടതി ഉത്തരവ് ഉണ്ടായി ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) | പ്രസ്തുത ഉത്തരവ് കോടതിയിൽ നിന്നും നേരിട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇപ്രകാരം റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനായി ഏതെങ്കിലും പദ്ധതി പരിഗണന യിലുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ബി) | IEDC/IEDSS എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. 100 % കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ ടി പദ്ധതി നിലവിൽ 60:40 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം എസ്.എസ്.എ./ ആർ.എം.എസ്.എ. എന്നിവിടങ്ങളിൽ റിസോഴ്സ് സപ്പോർട്ടിനായി ടി അധ്യാപകരെ കരാർ വ്യവസ്ഥയിൽ നിയമനം നൽകാൻ മാത്രമേ വ്യവസ്ഥയുള്ളൂ. താല്ക്കാലിക നിയമനം നല്കിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള സുപ്രീംകോടതി ഉത്തരവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ